**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പാർക്കുകളിലെ ജീവനക്കാരുടെ ജോലി ഭാരം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബഹുരാഷ്ട്ര കൺസൾട്ടിങ് സ്ഥാപനമായ പൂനയിലെ ഏൺസ്റ്റ് ആന്റ് യങ്ങിൽ (ഇ.വൈ) ചാർട്ടേഡ് അക്കൗണ്ടന്റ് ജോലിയിൽ പ്രവേശിച്ച കൊച്ചി സ്വദേശിനി അന്ന സെബാസ്റ്റ്യൻ മരണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുരാഷ്ട്ര ഐ .ടി. കമ്പനികളുടെ തൊഴിലിടങ്ങളിലെ ജോലിഭാരവും മാനസിക സംഘർഷവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന നിരവധി പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളും പാർക്കുകളും തമ്മിൽ പാട്ടക്കരാർ അനുസരിച്ചുള്ള ബന്ധമാണ് നിലവിലുള്ളത്. പ്രസ്തുത പാട്ടക്കരാർ വ്യവസ്ഥയിൽ ടി മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ചിരിക്കണമെന്ന നിബന്ധന ചേർത്തിട്ടുള്ളതുമാണ്.<br><br>സംസ്ഥാനത്ത് ഐ.ടി മേഖലയിൽ നിരവധി അന്താരാഷ്ട്ര കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കൂടുതലും ഔട്ട്സോഴ്സിംഗ് ജോലികൾ ചെയ്തുവരുന്നവയാണ്. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിശ്ചിത സമയത്ത് ചെയ്തു കൊടുക്കുന്നു. കോവിഡ് കാലഘട്ടത്തിൽ ഐ.ടി മേഖലകളിൽ നടപ്പിലാക്കിയ വർക്ക് ഫ്രം ഹോം സംവിധാനം ഇപ്പോഴും പല സ്ഥാപനങ്ങളിലും തുടർന്ന് വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി സ്ഥാപനങ്ങളെല്ലാം തന്നെ വിവിധ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ടി സ്ഥാപനങ്ങൾ സംസ്ഥാനത്തു നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്നതും ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നതും ലേബർ ഓഫീസർമാരുടെ നിരന്തരമായ പരിശോധനകളിലൂടെ സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിലെ ജീവനക്കാരിൽ നിന്നും അമിത ജോലിഭാരം, മറ്റ് മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികൾ ലഭ്യമാകുകയാണെങ്കിൽ അതു പരിഹരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനും തൊഴിലിടങ്ങളിൽ നിയമങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിക്കപ്പെടുന്നുവെന്നതും സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | ടെക്നോപാർക്കിലും മറ്റും പ്രവർത്തിക്കുന്ന ഇത്തരം ബഹുരാഷ്ട്ര ഐ .ടി, കൺസൾട്ടിങ് സ്ഥാപനങ്ങളുടെ തൊഴിലിടങ്ങളിലെ അമിത ജോലിഭാരവും, തൊഴിലാളികളുടെ മാനസിക സംഘർഷങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളും പാർക്കുകളും തമ്മിൽ പാട്ടക്കരാർ അനുസരിച്ചുള്ള ബന്ധമാണ് നിലവിലുള്ളത്. പ്രസ്തുത പാട്ടക്കരാർ വ്യവസ്ഥയിൽ ടി മേഖലയിൽ സംസ്ഥാനത്ത് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും പാലിച്ചിരിക്കണമെന്ന നിബന്ധന ചേർത്തിട്ടുള്ളതുമാണ്.<br><br>സംസ്ഥാനത്ത് ഐ.ടി മേഖലയിൽ നിരവധി അന്താരാഷ്ട്ര കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കൂടുതലും ഔട്ട്സോഴ്സിംഗ് ജോലികൾ ചെയ്തുവരുന്നവയാണ്. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നിശ്ചിത സമയത്ത് ചെയ്തു കൊടുക്കുന്നു. കോവിഡ് കാലഘട്ടത്തിൽ ഐ.ടി മേഖലകളിൽ നടപ്പിലാക്കിയ വർക്ക് ഫ്രം ഹോം സംവിധാനം ഇപ്പോഴും പല സ്ഥാപനങ്ങളിലും തുടർന്ന് വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.ടി സ്ഥാപനങ്ങളെല്ലാം തന്നെ വിവിധ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്നുണ്ട്. ടി സ്ഥാപനങ്ങൾ സംസ്ഥാനത്തു നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്നതും ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നതും ലേബർ ഓഫീസർമാരുടെ നിരന്തരമായ പരിശോധനകളിലൂടെ സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിലെ ജീവനക്കാരിൽ നിന്നും അമിത ജോലിഭാരം, മറ്റ് മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികൾ ലഭ്യമാകുകയാണെങ്കിൽ അതു പരിഹരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനും തൊഴിലിടങ്ങളിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്നതും സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ